"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -ശ്രീ.പ്രദീപ് കുമാർ മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)3274/2024മേലുള്ള 13.01.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

G.O.(Rt)No.828/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ, 22/04/1982
2. സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ, 29/03/2001
3. ശ്രീ.പ്രദീപ് കുമാർ മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)3274/2024മേലുള്ള 13.01.2025 തീയതിയിലെ വിധിന്യായം
4. കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 08.11.2023 തീയതിയിലെ ഐ.എസ്.ഒ/പി.ഡി 9-54535/09 നമ്പർ കത്ത്
5. കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 06.06.2024 തീയതിയിലെ 180067-2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ.പ്രദീപ് കുമാർ മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)3274/2024മേലുള്ള പരാമർശം (3) വിധിന്യായപ്രകാരം, കൊച്ചി നഗരസഭയിലെ ഡ്രൈവർമാരായുള്ള ഹർജിക്കാരെ CLR ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നഗരസഭാ കൗൺസിൽ കൈക്കൊണ്ട തീരുമാനം സാധൂകരിക്കുന്നതിനായി, പരാമർശം (4) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയ കത്തിന്മേൽ ഒരു മാസത്തിനകം 3-ാം എതിർകക്ഷി തീരുമാനമെടുക്കണമെന്ന് നിർദേശിച്ചിരുന്നു.

2. ടി കേസിലെ ഹർജിക്കാർ കൊച്ചിൻ കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഡ്രൈവർ തസ്തികയിൽ നിയമിക്കപ്പെട്ടവരാണ്. ഇവരുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് നഗരസഭയിൽ ഡ്രൈവർമാർ ഇല്ലാത്ത സാഹചര്യം കണക്കിലെടുത്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട് കാലാവധി പൂർത്തിയാക്കിയ ഡ്രൈവർമാരെ, പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/പി.എസ്.സി മുഖേന പുതിയ നിയമനം ആകുന്നതു വരെ താൽക്കാലികമായി സി.എൽ.ആർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് 11.07.2011 ലെ കൗൺസിൽ തീരുമാന പ്രകാരം (Ext P2) തീരുമാനിക്കുകയും 03.11.2020 ലെ കൗൺസിൽ തീരുമാനപ്രകാരം (Ext P4 ) ടി ഹർജിക്കാരെ CLR വർക്കേഴ്സിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

3. കൊച്ചി നഗരസഭയിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ടി ജീവനക്കാരെ സി.എൽ.ആർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രസ്തുത ലിസ്റ്റിൽ തുടരുന്നതിനും, ടിയാൾക്കാരെ സ്ഥിരപ്പെടുത്തുന്നതിനും പ്രസ്തുത വിവരം ബഹു.കോടതിയിലേക്കും, മേൽക്കാര്യത്തിൽ നടപടികൾക്കായി സർക്കാരിലേക്ക് അയക്കുന്നതിനും 10.10.2023ലെ 3-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടി വിഷയത്തിൽ അനുമതി ലഭ്യമാക്കണമെന്നും പരാമർശം (4) കത്ത് മുഖേന സെക്രട്ടറി അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം തസ്തികകളിലെ നിയമനം കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം അതാത് മുൻസിപ്പൽ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ പരാമർശം (1), (2) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാവുകയുള്ളൂ. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കോ 31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികൾക്കോ മാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുന്നതിനും അർഹതയുള്ളൂ.

5. കൊച്ചി നഗരസഭയിൽ സ്ഥിരം ഡ്രൈവർമാരുടെ ഒഴിവിൽ പി.എസ്.സി ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടവരാണ് ഈ കേസിലെ ഹർജിക്കാർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള നിയമന കാലാവധി അവസാനിച്ച ശേഷവും താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ തുടർന്ന ഇവരെ പിരിച്ചുവിടണമെന്ന് എംപ്ലോയ്മെന്റിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നുവെന്ന് പരാമർശം (5) പ്രകാരം ലഭ്യമാക്കിയ കത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ഇവരെ സി.എൽ.ആർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കുമ്പോൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവരായി കണക്കാക്കുവാൻ കഴിയുകയില്ല. മേൽ സാഹചര്യത്തിൽ, ടി ഹർജിക്കാർ പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം ഹെൽത്ത് വിഭാഗം കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുന്നതിനും അർഹതയില്ല.

6 . മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഹർജിക്കാരെ സി.എൽ.ആർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രസ്തുത ലിസ്റ്റിൽ തുടരുന്നതിനും, ടിയാൾക്കാരെ സ്ഥിരപ്പെടുത്തുന്നതിനും അനുമതി തേടിയിട്ടുള്ള കൊച്ചി നഗരസഭാ കൗൺസിലിന്റെ 10.10.2023ലെ 3-ാം നമ്പർ തീരുമാനം പരിഗണിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ടി വിഷയത്തിൽ അനുമതി ലഭ്യമാക്കണമെന്ന പരാമർശം (4) കത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 3274/2024ന്മേലുള്ള 13.01.2025 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

JOINT SECRETARY

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
3. സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
4. Sri. Pradeep Kumar M K, Moothattu House, Kumbalangi South PO, Ernakulam-682007
5. Sri. Vinil Kumar K V, Kalathiparambil House, Kadebhagam, Palluruthy PO, Kochi-682006
6. Sri. Rajesh K J, Kachanikodath House, Valluvally, Koonammavu PO, Ernakulam-683518
7. Sri. Anoop T S, Thenkulathil House, Kaippattoor PO, Ernakulam-682313
8. Sri. Sudharsanan K K, Kumbalathparambu House, Kaitharam PO, North Paravoor, Ernakulam - 683519
9. Sri. Gopalakrishnan T P, Thekkumthala House, Ayyampilly PO, Vyppin, Ernakulam-682501
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
12. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 27-03-2025 16:13:09

സെക്ഷൻ ഓഫീസർ